സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി വർഷത്തിൽ താൽക്കാലിക നിയമനം ലഭിച്ച വരെ സ്ഥിരപ്പെടുത്തൽ

28 (2979) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലികാടിസ്ഥാനത്തിലോ ദിവസക്കൂലി അടിസ്ഥാനത്തിലോ സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ചവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ;

(ബി) ഇതുപ്രകാരം ഏതെല്ലാം വകുപ്പുകളിൽ വിവിധ തസ്തികകളിൽ എത്രപേരെ നിയമിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ഡി) ജൂബിലി വർഷത്തിൽ എപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി താൽക്കാലിക/ദിവസക്കൂലി അടിസ്ഥാനത്തിൽ നിയമനം ലഭിക്കുകയും പിന്നീട് പിരിച്ചുവിടുകയും ചെയ്തവർക്ക് പുനർനിയമനം നൽകി സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും നിയമതടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ ;

(ഇ) ഇപ്രകാരം താൽക്കാലിക നിയമനം ലഭിച്ച് കാലാവധിക്കുശേഷം സർവ്വീസിൽ നിന്നും പിരിച്ചുവിടപ്പെടുന്നവർക്ക് സർക്കാർ സർവ്വീസിലെ പാർട്ട്ടൈം തസ്തികകളിൽ പുനർനിയമനം നൽകി ഇവരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ആവശ്യമായ ഉത്തരവ് പുറപ്പെടുവിക്കുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യത്തിന്റെ സുവർണ്ണജൂബിലി വർഷത്തിന്റെ 1-1-1997 മുതൽ 14-8-1998 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ വഴി റൂൾ 9(എ)(1) പ്രകാരം സർക്കാർ സർവ്വീസിൽ നിയമനം ലഭിച്ച വികലാംഗരായ താൽക്കാലിക ജീവനക്കാരെ സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) 13-10-1999-ലെ ജി.ഒ.(പി.)18/99/ഉഭപവ ഉത്തരവിന്റെ കോപ്പി അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ഡി) ജി.ഒ.(പി.)18/99/ഉഭപവ ഉത്തരവിൽ നിഷ്ക്കർഷിച്ചിട്ടുള്ള രീതിയിൽ താൽക്കാലിക നിയമനം ലഭിച്ച വികലാംഗർക്ക് പിരിച്ചുവിടപ്പെട്ടതിനുശേഷം പുനർനിയമനം നൽകി സർവ്വീസിൽ സ്ഥിരപ്പെടുത്തുന്നതിന് യാതൊരു നിയമ തടസ്സവും നിലവിലില്ല.

(ഇ) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly